(ഡി) പദ്ധതിക്കാവശ്യമായ പണം ഉണ്ടായാലുടനെ പദ്ധതി ഏറ്റെടുത്തു പൂർത്തിയാക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

ജലവിതരണ പദ്ധതിക്കുവേണ്ടി അപേക്ഷ സമർപ്പിച്ച പഞ്ചായത്തുകൾ

570 [826] ശ്രീ. പി.പി.വി. മൂസ്സ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.ഇ.ഡി. മുഖേന ജലവിതരണത്തിനുവേണ്ടി ഭരണാനുമതിക്കായി അപേക്ഷ സമർപ്പിച്ച പഞ്ചായത്തുകൾ ഏതെല്ലാം;

(ബി) അവയ്ക്കു ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസമെന്താണ്?

ഉത്തരം

(എ ആൻറ് ബി) പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്†. അവയിൽ 63 സ്കീമുകളുടെ ഭരണാനുമതി ഇപ്പോൾ നൽകിക്കഴിഞ്ഞു. ബാക്കിയുള്ള രണ്ടു സ്കീമുകളുടെ ഭരണാനുമതി നൽകാനുള്ള നടപടികൾ എടുത്തുവരുന്നു.

റാന്നി പഴവങ്ങാടി പഞ്ചായത്തിൽ ഏകീകൃത വാട്ടർ സപ്ലൈ സ്കീം

571 [827] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പഴവങ്ങാടി പഞ്ചായത്തിൽ ഒരു ഏകീകൃത വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കണമെന്ന് തദ്ദേശവാസികളുടെ ഒരു മെമ്മോറാണ്ടം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) സത്വരമായി ഈ സ്കീം അംഗീകരിച്ചു നടപ്പിലാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമീണ ശുദ്ധജലവിതരണം നടപ്പിലാക്കണമെങ്കിൽ ഗ്രാമവികസന ബോർഡുവഴി അപേക്ഷിക്കണമെന്നും കാണിച്ചുള്ള വിവരം ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

(സി) ഗ്രാമവികസന ബോർഡ് വഴിയുള്ള അപേക്ഷ ലഭിച്ചു. അന്വേഷണങ്ങൾക്കുശേഷം ബോർഡിൻെറ അംഗീകാരത്തോടുകൂടി പദ്ധതിയുടെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിൽ വരുത്തുന്നതാണ്.

പഞ്ചായത്തുകളിൽ ടെലഫോൺ സൗകര്യം

572 [828] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പഞ്ചായത്തുകളിൽ ടെലഫോൺ സൗകര്യമുണ്ട്;

†അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly